“ഭരണഭാഷ – മാതൃഭാഷ”

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം–33

Phone : 0471-2324951
0471-2325071
Tele FAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി 1 – 7942/2010/സിഇ/തസ്വഭവ തീയതി : 07.11.2017

# സർക്കുലർ

വിഷയം:- തസ്വഭവ – സാങ്കേതിക വിഭാഗം – ഇ-ടെണ്ടറിംഗുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് അക്കൗണ്ട് തുടങ്ങുന്നത് – സംബന്ധിച്ച്

സൂചന:- 1) ഈ ഓഫീസിലെ 17.08.2017-ലെ ഇതേ നമ്പർ സർക്കുലർ
2) സർക്കാരിന്റെ 02.10.2017 – ലെ 3186/2017/തസ്വഭവ നം. ഉത്തരവ്

**********

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ ഇ-ടെണ്ടറിംഗുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കുന്നതിന് എസ്.ബി.ഐ – ൽ അക്കൗണ്ട് തുടങ്ങുന്നതിന് സൂചനകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എല്ലാ പഞ്ചായത്തുകളുടെയും അക്കൗണ്ട് കൺസോളിഡേറ്റ് ചെയ്യുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ, അതാത് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ക്രോഡീകരിച്ച് ഐ.ടി മിഷന് അയയ്ക്കുന്നതിനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ചുരുക്കം ചില ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഒഴികെ ഭൂരിപക്ഷം പേരും ഇതിൽ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. പല അസിസ്റ്റന്റ് എഞ്ചിനീയർമാരും സർക്കുലറിന് വിരുദ്ധമായി നേരിട്ട് ഐ.ടി മിഷനിലേയ്ക്ക് അയച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയായി കാണുന്നു.

എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാരും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും അടിയന്തിരമായി സൂചന സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം എസ്.ബി.ഐ – ൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ടി ബ്ലോക്ക് പഞ്ചായത്തിന്റെയും, ടി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമ പഞ്ചായത്തുകളുടെയും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് സൂചന (1) സർക്കുലർ പ്രകാരമുള്ള പ്രൊഫോർമയിൽ ഒരുമിച്ച് രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തിയ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് സഹിതം **ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഐ.ടി മിഷൻ, ഐ.സി.റ്റി ക്യാമ്പസ്, വെള്ളയമ്പലം, തിരുവനന്തപുരം – 695 033** എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്. പ്രൊഫോർമയുടെ Microsoft Excel ഫോർമാറ്റിലുള്ള ഫയലും, ഒരു pdf (Signed Copy) ഫയലും

devi.ksitm@kerala.gov.in എന്ന വിലാസത്തിലേയ്ക്ക് ഇ-മെയിൽ ചെയത് കൊടുക്കേണ്ടതാണ്. ഇതിനോടകം തന്നെ കൃത്യമായി സമർപ്പിച്ചിട്ടുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും Microsoft Excel ഫോർമാറ്റിൽ ഒന്നു കൂടി സമർപ്പിക്കേണ്ടതാണ്.

ടി സ്ഥാപനങ്ങളുടെ ലൈവ് ടെണ്ടറുകൾ **(ടെണ്ടർ ഓപ്പൺ ചെയ്ത്, Award of Contract (AOC) – ന്റെ അപ്‌ലോഡിംഗ് പൂർത്തിയാക്കാത്ത ടെണ്ടറുകൾ)** ഇ-ടെണ്ടർ പോർട്ടലിൽ ഇല്ലാത്ത അവസരത്തിൽ മാത്രമേ ബാങ്ക് അക്കൗണ്ടുകൾ ബന്ധപ്പെട്ട ഓഫീസുകളുമായി ലിങ്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. അക്കൗണ്ട് ലിങ്ക് ചെയ്യുന്നതിന് എസ്.ബി.ഐ പരമാവധി 7 ദിവസം സമയം എടുക്കുന്നതാണ്. അതിനാൽ ലൈവ് ടെണ്ടറുകൾ ഇല്ലാത്ത സമയത്ത് ചുവടെ സൂചിപ്പിക്കുന്ന മേൽവിലാസത്തിൽ അതത് സ്ഥാപനങ്ങൾ നേരിട്ട് ബന്ധപ്പെട്ട് ബാങ്ക് അക്കൗണ്ട് ലിങ്ക് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. അക്കൗണ്ട് ലിങ്ക് ചെയ്യുന്നതുവരെ നിലവിലെ സ്ഥിതി തുടരാവുന്നതാണ്.

ശ്രീമതി. ദേവി
ടെക്നോളജി എക്സ്പെർട്ട് -ഇ പ്രക്യൂർമെന്റ്
കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, പി.എം.യു ഓഫീസ്
സ്റ്റാച്യൂ, തിരുവനന്തപുരം – 1
ഫോൺ നം: 0471 – 257708, 188, 388
Email - devi.ksitm@kerala.gov.in

ഉള്ളടക്കം:- പ്രൊഫോർമ (Microsoft Excel)

ചീഫ് എഞ്ചിനീയർ

പകർപ്പ്:

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, സൗത്ത് / നോർത്ത് സർക്കിൾ
2. ത്രിതല പഞ്ചായത്തുകളിലെ എല്ലാ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾക്കും

Sa/-